(ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെതന്നെ ദിവസക്കൂലി അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡ് എന്ന പേരിൽ ജില്ലാ സഹകരണ ബാങ്കുകളിൽ ആളുകളെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അങ്ങനെ എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിൽ പ്യൂൺ/വാച്ച്മാൻ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അനധികൃതമായി നിയമിക്കപ്പെട്ടവരെ ഒഴിവാക്കി, പി. എസ്. സി. ലിസ്റ്റിൽനിന്നും അടിയന്തിര നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

സർവ്വീസിൽനിന്നും പിരിച്ചുവിട്ട നടപടി

158 [3161] ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി-131 തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതി കഴിഞ്ഞ ആറ് വർഷങ്ങൾക്കുള്ളിൽ എത്ര ജീവനക്കാരെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്; അവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ബി) പിരിച്ചുവിടപ്പെട്ട ജീവനക്കാരാരെങ്കിലും കോടതിയേയോ ലോകായുക്തിനെയോ സമീപിച്ച് വിധി സമ്പാദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കോടതിയുടേയും ലോകായുക്തിന്റെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മൂന്ന് ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു.:

1.	ശ്രീ. പി. ശശികുമാർ	.. സെക്രട്ടറി
2.	ശ്രീമതി ആർ. ഐ. ഗിരിജാദേവി	.. ബ്രാഞ്ച് മാനേജർ
3.	ശ്രീ. പി. കെ. മനോഹരൻ	.. സീനിയർ ക്ലാർക്ക്

(ബി) ശ്രീമതി ആർ. ഐ. ഗിരിജാദേവി ബഹുമാനപ്പെട്ട കേരളാ ലോകായുക്തിൽ കേസ് ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ലോകായുക്ത 17-9-2001-ന് കേസ് നമ്പർ 420/01 നമ്പരായി വിധിയായി. ടി വിധിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പരാതിക്കാരി സഹകരണസംഘം രജിസ്ട്രാർക്ക് പരാതി നൽകുവാനും ടി പരാതിയിൻമേൽ സഹകരണസംഘം രജിസ്ട്രാർ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനുമായിരുന്നു നിർദ്ദേശം.

(സി) ബഹുമാനപ്പെട്ട ലോകായുക്തയുടെ നിർദ്ദേശപ്രകാരമുള്ള പരാതി സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയും ജീവനക്കാരും തമ്മിലുള്ള കേസുകൾ

159 [3162] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി 131 തിരുവനന്തപുരം സർവ്വീസ് സഹകരണബാങ്ക് ഭരണ സമിതിയും ജീവനക്കാരും തമ്മിലുള്ള കേസുകളിൽ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ കോടതി ചെലവായും ലീഗൽ ഫീസായും മദ്ധ്യസ്ഥരെ നിയമിച്ച വകയിലും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ തർക്കങ്ങളിൽ ഉൾപ്പെട്ട ജീവനക്കാരുടെ പേരുവിവരവും ചെലവായ തുകയും വെളിപ്പെടുത്തുമോ;

(സി) ലീഗൽ ഫീസായി നൽകിയ തുകയെത്രയെന്നും ലീഗൽ അഡ്വൈസർ ആരായിരുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കോടതി ചെലവ് .. 17,550
ലീഗൽ ഫീസ് .. 92,550
മദ്ധ്യസ്ഥന് നൽകിയത് .. 8,000

(ബി) 1. കെ. ഗോപകുമാരൻനായർ .. 46,400
2. എ. അംബിക .. 53,700
3. സി. റ്റി. ശ്യാം
4. എസ്. സുരേഷ്കുമാർ } 5,500
5. വി. പത്മകുമാർ
6. എസ്. രാമചന്ദ്രൻ .. 4,500

(സി) ലീഗൽ ഫീസായി 92,550 രൂപ ചെലവായി.

ലീഗൽ അഡ്വൈസർമാരുടെ പേരുവിവരം താഴെ കൊടുക്കുന്നു.

1. ശ്രീ. കൃഷ്ണൻകുട്ടി — അഡ്വക്കേറ്റ്
2. ശ്രീ. റ്റി. ആർ. രാമചന്ദ്രൻനായർ — ,,
3. ശ്രീ. ഡി. സജീവ് — ,,
4. ശ്രീ. ശ്രീകുമാരൻനായർ — ,,
5. ശ്രീ. കെ. പി. രാജീവ് — (മദ്ധ്യസ്ഥൻ)

LIBRARY ARCHIVES Kerala Legislative Assembly